ഖുത്വ്ബ
10.8.2007
ബയ്ത്തുൽ ഫുത്വൂഹ്, ലണ്ടൻ

# തൗഹീദിന്റെ പ്രചാരകരാവുക

وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصّٰلِحٰتِ أَنَّ
لَهُمْ جَنّٰتٍ تَجْرِي مِنْ تَحْتِهَا الْأَنْهٰرُ
كُلَّمَا رُزِقُوا مِنْهَا مِنْ ثَمَرَةٍ رِّزْقًا قَالُوا
هٰذَا الَّذِي رُزِقْنَا مِنْ قَبْلُ وَأُتُوا بِهِ
مُتَشَابِهًا وَلَهُمْ فِيهَا أَزْوَاجٌ مُّطَهَّرَةٌ
وَّهُمْ فِيهَا خٰلِدُونَ ﴿٢٦﴾

**ജ**ൽസ സാലാനയ്ക്കുമുമ്പേ, ഞാൻ അല്ലാഹുവിന്റെ സിഫത്തായ മുഅ്മിൻ എന്നതിനെക്കുറിച്ചാണ് ഖുത്വ്ബ ഓതിയിരുന്നത്. യഥാർത്ഥമായ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹം പറ്റുന്നവർ ആരാണെന്നും അവർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്നും അതിൽ പറഞ്ഞിരുന്നു. ഇന്നും ആ വിഷയം ഞാൻ തുടരുകയാണ്. മുഅ്മിന്റെ ഒരടയാളമായി അല്ലാഹു പറഞ്ഞിരിക്കുന്നത്, അവൻ സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നവനായിരിക്കും എന്നാണ്. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും പുനരുത്ഥാനനാളിലും വിശ്വസിക്കുന്ന സത്യവിശ്വാസി സൽക്കർമ്മങ്ങളനുഷ്ഠിക്കുവന്നവനുമായിരിക്കും. സത്യവിശ്വാസിയോട് അല്ലാഹുവിനെക്കുറിച്ചു പറയുമ്പോൾ, അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ മനസ്സിൽ അലയടിച്ചുയരും. അല്ലാഹുവിന്റെ വെറുപ്പിന് കാരണമാകുന്ന എന്തെങ്കിലും കാര്യം തന്നിൽനിന്നുണ്ടാകുന്നുണ്ടോ എന്ന ഭയവും അവനിലുണ്ടായിരിക്കും. അങ്ങനെ വരുമ്പോൾ, അല്ലാഹു കല്പിച്ചതും, അവന് ഇഷ്ടപ്പെട്ടതുമായ പ്രവൃത്തി മാത്രം ചെയ്യണമെന്ന ബോധം ആ സത്യവിശ്വാസിയിലുണ്ടാകുന്നതാണ്.

അതുകൊണ്ട്, അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനോടൊപ്പം സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റുംവിധമുള്ള സൽക്കർമ്മങ്ങളാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. ഇക്കാര്യം ഒരു മനുഷ്യനിലുണ്ടായാൽ അവനെ യഥാർത്ഥ സത്യവിശ്വാസികളുടെ അണിയിൽ കയറ്റിനിറുത്താവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പരിപൂർണ്ണമായ വിശ്വാസത്തിന് നിർവചനം നല്കിക്കൊണ്ട്, ജമാഅത്തംഗങ്ങളെ ഉപദേശിച്ചതിങ്ങനെയാണ്:

"അവന്റെ തൗഹീദ് (ഏകത്വം) ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനായി സകലശക്തികയോടുംകൂടി ശ്രമിക്കുക. അവന്റെ അടിയാറുകളുടെമേൽ കരുണ കാണിക്കുക. നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും പ്രകാരത്തിലോ അവരോട് അക്രമം ചെയ്യാതിരിക്കുക. സൃഷ്ടികളുടെ നന്മയ്ക്കായി ശ്രമിച്ചുകൊണ്ടിരിക്കുക. ആരോടും അഹങ്കരിക്കാതിരിക്കുക; അത് കീഴിലുള്ളവരോടാണെങ്കിലും ശരി. ആരെങ്കിലും ചീത്തവിളിക്കുകയാണെങ്കിൽ മറുത്ത് അവനെ ചീത്തവിളിക്കരുത്. നിങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യരായിത്തീരാൻ ദീനനും സൗമ്യശീലനും സദുദ്ദേശ്യക്കാരനും സൃഷ്ടികളോട് അനുകമ്പ കാണിക്കുന്നവനുമായിത്തീരുക. സൗമ്യത കാണിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അകത്ത് ചെന്നായ്ക്കളാണ്. പുറത്ത് ഒരു കളങ്കവുമില്ലാത്ത ഒരുപാടാളുകളുണ്ട്. എന്നാൽ, അകത്ത് പാമ്പുകളാണ്. നിങ്ങളുടെ അകവും പുറവും ഒരുപോലെയാകാത്തിടത്തോളം അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല." "വലിയവനായിക്കൊണ്ട് ചെറിയവരുടെമേൽ കരുണ കാണിക്കുക; അവരെ നിന്ദിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞനെ ഉപദേശിക്കുക; പൊങ്ങച്ചത്താൽ അവരെ അപമാനിക്കരുത്. സമ്പന്നനായിക്കൊണ്ട് ദരിദ്രരെ സേവിക്കുക; സ്വാർത്ഥതയാൽ അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. തഖ്‌വ അഥവാ ഭയഭക്തി സ്വായത്തമാക്കുക."

ഇക്കാര്യങ്ങൾ പ്രവർത്തിക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവൻ സച്ചരിതനെന്നും സാത്ത്വികനെന്നും പറയപ്പെടും. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ ചേർന്നവർക്കുവേണ്ട ഗുണങ്ങൾ ഒരു നിബന്ധനയെന്നോണം പറഞ്ഞിട്ടുള്ളതാണിത്. നമ്മൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച്, അവസാനകൂട്ടരിൽ അതായത്, നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനായിക്കൊണ്ട് നിയോഗിതനായ ആളെയാണ് വിശ്വസിച്ചിട്ടുള്ളതെന്ന് കരുതുന്നുവെങ്കിൽ, നമ്മുടെ വിശ്വാസത്തെ ദൃഢതരമാക്കിത്തീർക്കുന്നതിന് മേൽപറഞ്ഞ കാര്യങ്ങളിലേക്ക് നാം ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നാം അവകാശികളാകുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യമായി പറഞ്ഞത്, 'തൗഹീദ്

ഭൂമിയിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുക' എന്നാണ്. അല്ലാഹുവിലുള്ള വിശ്വാസം, അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് വായകൊണ്ട് വിളിച്ചുപറയൽ മാത്രമല്ല. അല്ലെങ്കിൽ ഞങ്ങളുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള വലിയ ഭയമുണ്ടെന്ന് പറയലല്ല. നേരെമറിച്ച്, അതിന്റെ പ്രവർത്തനപരമായ രൂപം കാണിക്കേണ്ടിവരും. അതെന്താണ്? അതായത് തൗഹീദ് സ്ഥാപിക്കുന്നതിനുള്ള പരിശ്രമം. തൗഹീദ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനപരമായ പരിശ്രമം ഉണ്ടാകുന്നത്, ഏറ്റവുമാദ്യം നാം നമ്മുടെ മനസ്സിനെ അന്യദൈവങ്ങളിൽനിന്ന് പരിശുദ്ധമാക്കുമ്പോഴാണ്. ഭൗതികോദ്ദേശ്യപരമായ ചെറിയ ചെറിയ ബിംബങ്ങളെ നമ്മുടെ മനസ്സിൽനിന്നെടുത്ത് പുറത്തെറിയുകയും വ്യക്തിപരമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി ലൗകികമായ തന്ത്രങ്ങളും കളവുകളും ആശ്രയമാക്കാതിരിക്കുകയും നമ്മുടെ പ്രവൃത്തികൾക്കും, കച്ചവടങ്ങൾക്കും നമസ്കാരത്തേക്കാൾ പ്രാധാന്യം നല്കാതിരിക്കുകയും നമ്മുടെ കുട്ടികൾക്ക് അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിച്ചുകൊടുക്കുന്നതിനുവേണ്ടി, നമ്മുടെ കർമ്മങ്ങളും വാക്കുകളും കൊണ്ട് അവർക്ക് തർബിയ്യത്ത് കൊടുക്കുകയും അവർക്ക് മാതൃകയായിത്തീരുകയും നമ്മുടെ പരിസരങ്ങളിൽ അല്ലഹുവിന്റെ തൗഹീദ് പ്രചരിപ്പിക്കുകയും ഇക്കാര്യങ്ങളെല്ലാം നാം നമ്മുടെ എല്ലാ കഴിവുകളോടും ശക്തിയോടുംകൂടി ചെയ്യുമ്പോഴുമാണ് അത് തൗഹീദിന്റെ സംസ്ഥാപനത്തിനുള്ള പരിശ്രമമായിത്തീരുന്നത്. അപ്പോഴാണ് നാം നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നവരായിത്തീരുന്നതും.

സൽക്കർമ്മങ്ങൾ ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യരോട് കരുണ കാണിക്കുക. ഒരു സത്യവിശ്വാസിയും മറ്റൊരു സത്യവിശ്വാസിക്ക് എന്നല്ല ഒരാൾക്കും നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ ദോഷമുണ്ടാക്കരുത്. നബി(സ) തിരുമേനി സത്യവിശ്വാസിയുടെ അടയാളമായി പറഞ്ഞിട്ടുള്ളത് അവൻ മുഖേന മറ്റുള്ള എല്ലാവരും സുരക്ഷിതരായിരിക്കുമെന്നാണ്. സത്യവിശ്വാസി അക്രമം ചെയ്യുന്ന പ്രശ്നമേ ഉദിക്കുന്നില്ല. മറ്റുള്ളവർക്കുവേണ്ടി, ഈ കാരുണ്യം ഒരു സത്യവിശ്വാസിയുടെ മനസ്സിൽ എപ്പോഴും അലതല്ലിക്കൊണ്ടിരിക്കുമ്പോഴായിരിക്കും അവൻ റഹ്മാനായ അല്ലാഹുവിൽ യഥാർത്ഥമായി വിശ്വസിക്കുന്നവനെന്ന് പറയപ്പെടുന്നത്. പരസ്പരമുള്ള ബന്ധത്തിൽ ഒരു മുഅ്മിൻ മറ്റൊരു മുഅ്മിനോട്, ഒരു ശരീരത്തിന്റെ അവയവങ്ങൾ പോലെയാണ്." ബന്ധത്തിന്റെ ഈ ഭാവന ഓരോ അഹ്മദിയിലും ഉണ്ടാകുമ്പോൾ, ക്രൂരതയുടേയും അക്രമത്തിന്റേയും പ്രശ്നം തന്നെയുദിക്കുകയില്ല. എന്നല്ല, മറ്റുള്ളവർക്ക് ഏറ്റിട്ടുള്ള ബുദ്ധിമുട്ടുകൾ, എന്നല്ല നിസ്സാരമായ ബുദ്ധിമുട്ടുപോലും സ്വന്തം ബുദ്ധിമുട്ടുപോലെ അനുഭവപ്പെടും. ഒരു അഹ്മദിയുടെ ചിന്താഗതി ഇങ്ങനെയായിരിക്കേണ്ടതാണ്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സൃഷ്ടികളുടെ നന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുക." ഞാൻ പറഞ്ഞതുപോലെ, സത്യവിശ്വാസി മറ്റു സത്യവിശ്വാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ തന്റെ സ്വന്തം ബുദ്ധിമുട്ടുകളായി മനസ്സിലാക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ നിലവാരം വളരെ ഉന്നതിയിൽ കാണാനാണ് ആഗ്രഹിക്കുന്നത്. ആ മഹാത്മാവ് പറഞ്ഞു: "വെറും മുഅ്മിന്റെ ബുദ്ധിമുട്ടുമാത്രം തന്റെ ബുദ്ധിമുട്ടായി കണ്ടാൽപോര. നിങ്ങളുടെ മനസ്സിൽ മറ്റുള്ളവരോട് കരുണ കാണിക്കണമെന്ന ചിന്തയുണ്ടായാൽ, അതിൽ കൂടുതൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കണം. ഈ കരുണാവികാരം നിങ്ങളുടെ മനസ്സിൽമാത്രം ഒതുക്കി നിറുത്തരുത്, അത് പ്രകടമാകുകയും വേണം. എങ്ങനെയാണ് അത് പ്രകടമാകേണ്ടത്, അതിന്റെ ഉത്തമമായ മാർഗ്ഗം പറയപ്പെട്ടിട്ടുള്ളത് അല്ലാഹുവിന്റെ സൃഷ്ടികളുടെ നന്മയ്ക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നാണ്. ജനങ്ങൾക്ക് ദിവ്യാനുഗ്രഹം എത്തിക്കുന്നതിനായി, ത്യാഗം വരിക്കേണ്ടിവന്നാൽ വരിക്കുക. മുമ്പേകഴിഞ്ഞു കടന്നവർ കാണിച്ച ആ ഉന്നതമായ വിശ്വാസത്തിന്റെ മാതൃക കാണിക്കുക. അതിനെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു: ***വ യുഅ്ഥിറൂന അൻഫുസിഹിം*** അവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന കല്പിച്ചിരുന്നു (59:10).

നബി(സ) തിരുമേനി നുബുവ്വത്ത് ലഭിക്കുന്നതിനു മുമ്പേയും, പരിശുദ്ധസ്വഭാവത്തിന്റെ ഉത്തമമാതൃക കാണിച്ചിരുന്നു. ഈ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ട് മറ്റുള്ളവരുടെ നന്മയ്ക്കും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുമായി പരിശ്രമിച്ചു. '***ഹിൽഫുൽ ഫുളൂൽ***' എന്ന് ചരിത്രത്തിൽ പറയുന്ന ഉടമ്പടി അതിന്റെതന്നെ ഒരു കണ്ണിയാണ്.

നുബുവ്വത്തിനുശേഷം മറ്റുള്ളവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള നബി(സ)യുടെ പ്രവർത്തനത്തിന്റേയും അവരുടെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടി ചെയ്ത സേവനത്തിന്റേയും ദൃശ്യങ്ങൾ ആ മഹാത്മാവിന്റെ ജീവിതത്തിൽ ശക്തമായ മഴപോലെ നമുക്ക് കാണാൻ കഴിയുന്നു. ഈ മാതൃകയുടേയും പരിശുദ്ധശക്തിയുടേയും അതേ റൂഹ് തന്നെയായിരുന്നു സ്വഹാബത്തിൽ ആ മഹാത്മാവ് ഊതിയത്. അക്കാരണത്താൽ അവരും മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്നതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടേപോയി. ഇക്കാലഘട്ടത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജനക്ഷേമത്തിന്നായി യാതൊരുവിധ മതഭേദവുമില്ലാതെ നമുക്ക് മാതൃകയെന്നോണമുള്ള ദൃശ്യങ്ങൾ കാഴ്ചവച്ചിരിക്കുന്നത് നമുക്ക് കാണാം. ആ മഹാത്മാവിൽനിന്ന് മരുന്നു വാങ്ങാൻ സ്ത്രീകളും കുട്ടികളും ഗ്രാമങ്ങളിൽനിന്നു വരികയും യാതൊരു മടിയും കൂടാതെ അദ്ദേഹം മണിക്കൂറുകളോളം അവരിൽ ചെല

വഴിക്കുകയും ചെയ്തു. ആ മഹാത്മാവ് അവരെക്കുറിച്ച് പറഞ്ഞു: 'ദരിദ്രരാണ്, ഈ പ്രദേശത്ത് ഡാക്ടറന്മാരില്ല. ഇവരുടെ കൈയിൽ ചെലവഴിക്കാൻ പണവുമില്ല. അവരോടുള്ള സഹതാപമെന്നു പറയുന്നത് അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക എന്നതാണ്.' അതിരില്ലാത്തത്ര മറ്റു ജോലികൾ ഉണ്ടായിട്ടുകൂടിയാണ് ഇതൊക്കെ ആ മഹാത്മാവ് ചെയ്തത്. അക്കാലത്ത്, നിരർത്ഥകമായ സകല മതങ്ങളുമായിട്ടും ആ മഹാത്മാവ് പോരാട്ടത്തിലായിരുന്നു. എങ്കിലും സൃഷ്ടികളുടെ ക്ഷേമത്തിന്നായി പ്രവർത്തിക്കുക എന്ന ആവേശം കൊണ്ട് അതിനും സമയം കണ്ടെത്തിയിരുന്നു. മണിക്കൂറുകളോളം ആ ജോലിയിൽ ചെലവഴിക്കുകയും ചെയ്തിരുന്നു. പിന്നീട് ആ മഹാത്മാവ് പറഞ്ഞു: "ആരോടും അഹങ്കാരം കാണിക്കരുത്; അവർ നിങ്ങളുടെ കീഴിലുള്ളവരാണെങ്കിൽപ്പോലും. ആരെയെങ്കിലും അല്ലാഹു നിങ്ങൾക്കു വിധേയനാക്കിത്തന്നിട്ടുണ്ടെങ്കിൽ, അതിന് അല്ലാഹുവിനോട് നന്ദി കാണിക്കുകയാണ് വേണ്ടത്. ചിലയാളുകളെ നിങ്ങളുടെ സേവനത്തിനായി അല്ലാഹു നിയോഗിച്ചുതന്നതാണ്. ഒരു സത്യവിശ്വാസിയുടെ പ്രൗഢി എന്നു പറയുന്നത്, എത്രത്തോളം അധികാരം വിശാലമാകുന്നുവോ അത്രത്തോളം വിനയം ഉണ്ടാകുക എന്നതാണ്. അത്രയധികം കൃതജ്ഞതയുമുണ്ടാകണം.

നമ്മുടെ ഓരോ കർമ്മവും അല്ലാഹുവിന് ഇഷ്ടപ്പെട്ടതാകണമെന്ന കാര്യം എപ്പോഴും ഓർക്കുക. അഹങ്കാരത്തിൽനിന്ന് വിട്ടുമാറുന്നതിനെ സംബന്ധിച്ച് അല്ലാഹു എന്താണ് നമ്മോട് പറയുന്നത്. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു.

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي
الْأَرْضِ مَرَحًا ۖ إِنَّ اللَّهَ لَا يُحِبُّ كُلَّ
مُخْتَالٍ فَخُورٍ ﴿١٩﴾

ഗർവുകൊണ്ട് ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. തീർച്ചയായും അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല (31:19).

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ, എല്ലാത്തരം അഹങ്കാരത്തിൽനിന്നും നിങ്ങളെ പരിശുദ്ധരാക്കേണ്ടിവരും. അധികാരിയാവുക, ആത്മാഭിമാനമുള്ളവനാകുക എന്നത് യഥാർത്ഥ സത്യവിശ്വാസിയെ എളിമയിലും വിനയത്തിലും അഭിവൃദ്ധിപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. നബി(സ) തിരുമേനി, അടിമകളോടുള്ള പെരുമാറ്റത്തിൽപോലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ മഹാത്മാവ് പറഞ്ഞു, എന്റെ അടിമ എന്റെ വേലക്കാരി എന്നു പറഞ്ഞ് അവരെ നിങ്ങൾ വിളിക്കാതിരിക്കുക. മറിച്ച്, എന്റെ മകൾ അല്ലെങ്കിൽ എന്റെ മകൻ എന്നു പറഞ്ഞുവിളിക്കുക.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് ചീത്ത പറയരുതെന്നാണ്. ആരെങ്കിലും നിങ്ങളെ ചീത്ത വിളിച്ചാലും ശരി, നിങ്ങൾ ചീത്ത വിളിക്കാൻ പാടില്ല. ഒരു സത്യവിശ്വാസിയുടെ നാവ് എപ്പോഴും ശുദ്ധമായിരിക്കുന്നതിന്റെ രഹസ്യമാണിത്. സത്യവിശ്വാസി എപ്പോഴും ശുദ്ധമായ വാക്കുകളായിരിക്കും പറയുന്നത്. ചീത്തവാക്കുകൾ അവനിൽനിന്ന് വരുമെന്ന് പ്രതീക്ഷിക്കുകയേ വേണ്ട. ആരെങ്കിലും ചീത്ത വിളിക്കുന്നതുകേട്ട് സ്വയം നിയന്ത്രിക്കുമ്പോൾ നാവിനെ മാത്രമല്ല ശുദ്ധമാക്കുന്നത് മറിച്ച്, ബുദ്ധിയേയും നിരവധി തെറ്റുധാരണകളിൽനിന്ന് മോചിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃത്യാലുള്ള മനുഷ്യന്റെ പ്രതികരണം, ചീത്ത കേൾക്കുമ്പോൾ കോപാകുലനാകുക എന്നതാണ്. വിളിക്കുന്നവൻ പറയുന്നതിന് സമാനമായ വാക്കുകൾ കേൾക്കുന്നവനും മറുത്തുപറയാൻ തുടങ്ങുന്നു. വിളിക്കുന്നവന്റെ ശൈലിയിൽ മറുപടി കൊടുക്കേണ്ട എന്നു തീരുമാനിച്ചാൽ അത് വലിയൊരു നന്മയാണ്. ഈ നന്മ കഠിനാദ്ധ്വാനംകൊണ്ടാണ് ലഭിക്കുക. ഇത് നിസ്സാര ജോലിയല്ല. ഈ മുജാഹദ അഥവാ അത്യധ്വാനപരമായ പ്രവൃത്തി, അല്ലാഹുവിൽ പൂർണ്ണവിശ്വാസം ഇല്ലാത്തിടത്തോളം സാധ്യമാകുകയില്ല. എല്ലാ രീതിയിലും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കാത്തിടത്തോളം അത് ലഭിക്കുകയുമില്ല. ഇതുമുഖേനയാണ് ക്ഷമയുടെ നിലവാരം ഉയരുന്നത്. ആരെങ്കിലും ചീത്തവിളിക്കുകയോ പറയുകയോ ചെയ്താൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ മലക്കുകൾ അതിന് മറുപടി പറഞ്ഞുകൊള്ളും. അല്ലാഹു മലക്കുകളെ നമ്മുടെ പരിചയാക്കുകയും നമുക്കുവേണ്ടി മറുപടി പറയാൻ നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, അതിനേക്കാൾ ഉത്തമമായ കച്ചവടം പിന്നെന്താകാനാണ്? ഇതിനേക്കാളുപരി ക്ഷമിക്കുന്നവർക്ക് അല്ലാഹു ***വ ബശ്ശിരിസ്സാബിരീൻ*** എന്ന വാക്കുകളിൽ സുവാർത്ത അറിയിച്ചിരിക്കുന്നു. ഈ ക്ഷമ കാരണത്താൽ ഇത്തരം സത്യവിശ്വാസികളുടെ മേൽ അനുഗ്രഹങ്ങൾ ഇറങ്ങുന്നതാണെന്നും തുടർന്നു പറഞ്ഞു.

മറുത്തു മറുപടി നല്കാത്ത കാരണത്താൽ സത്യവിശ്വാസി തന്റെ ബുദ്ധിയേയും മനസ്സിനേയും മാലിന്യത്തിൽനിന്ന് രക്ഷിക്കുന്നുവെന്നു മാത്രമല്ല മറിച്ച്, മലക്കുകളുടെ പ്രാർത്ഥനകളിലും ഭാഗഭാക്കാകുന്നു. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും സമ്പാദിക്കുകയും സമൂഹത്തിൽ ശാന്തി സ്ഥാപിക്കുന്നവനായിത്തീരുകയും കലഹങ്ങളുണ്ടാകാത്ത നിലയിൽ സമൂഹത്തെ രക്ഷിക്കുകയും ചെയ്യുന്നു. ചീത്തവിളിക്ക് ചീത്തകൊണ്ട് മറുപടി കൊടുക്കുമ്പോൾ എതിരിലുള്ള

വൻ കോപാന്ധനായിത്തീരുന്നു. അയാളുടെ സഹായികൾ സംഘടിക്കുന്നു. എതിർകക്ഷികളുടേയും സഹായികൾ സംഘം ചേരുന്നു. ഈ ചീത്തവിളിയുടെ ഫലമായി ചിലപ്പോൾ കൊലപാതകംവരെ അരങ്ങേറുന്നു. സത്യവിശ്വാസി, എന്നതിന്റെ ഉദ്ദേശ്യംതന്നെ സമാധാനത്തോടെ ജീവിക്കുന്നവൻ, സമാധാനം പരത്തുന്നവൻ എന്നൊക്കെയാണ്. സത്യവിശ്വാസിയിൽനിന്ന്, അക്രമവും ഉപദ്രവും ഉണ്ടാകുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. അതിനാൽ, ഈ ഭയാനകമായ അവസ്ഥയിൽനിന്ന് രക്ഷപ്പെടണമെങ്കിൽ, അതിന്റെ ചികിത്സ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്, ചീത്തയ്ക്കു ചീത്ത കൊണ്ട് മറുപടി പറയാതിരിക്കുക എന്നാണ്. എന്നല്ല, വിനയാന്വിതനും എളിമ കൈക്കൊള്ളുന്നവനും സദുദ്ദേശ്യനുമായിത്തീരുക. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ഉദ്ദേശ്യത്തോടെ, വിനയത്തോടുകൂടി ഇതെല്ലാം ക്ഷമിക്കുകയാണെങ്കിൽ യഥാർത്ഥ സത്യവിശ്വാസി എന്ന് പറയപ്പെടും. ഇങ്ങനെ സൽസ്വഭാവം സ്വായത്തമാക്കുകയും തിന്മയിൽനിന്ന് അകലുകയും ചെയ്യുന്നതുതന്നെയാണ് ഒരു മുസൽമാനെ യഥാർത്ഥ മുഅ്മിനാക്കി മാറ്റുന്നത്.

ഒരു മുസൽമാൻ തന്റെ ആരാധനാകർമ്മങ്ങളോടൊപ്പം സൽകർമ്മവും ചെയ്തുകൊണ്ടിരുന്നാൽ അവൻ യഥാർത്ഥ മുഅ്മിൻ എന്നു പറയപ്പെടുന്നതായിരിക്കും. ഒരു മുസ്ലിം ശ്രദ്ധയോടുകൂടി അല്ലാഹു പറഞ്ഞ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, അവൻ ആമന്ന (ഞങ്ങൾ വിശ്വസിച്ചു) എന്നു പറയരുതെന്നും മറിച്ച് '***അസ്ലംനാ***' ഞങ്ങൾ ഇസ്ലാം സ്വീകരിച്ചു എന്നാണ് പറയേണ്ടതെന്നും അല്ലാഹു പറയുന്നു. അതായത്, അനുസരണം ഒരുപരിധിവരെ സ്വീകരിച്ചിരിക്കുന്നു. പക്ഷേ, വിശ്വാസം പൂർണ്ണമായിട്ടില്ല. യഥാർത്ഥ ഈമാൻ മനസ്സിലുണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള പ്രവർത്തനം ഓരോരുത്തർക്കും കാണാൻ കഴിയണം. നമ്മുടെ ഈമാൻ ഈ ഉന്നതാവസ്ഥയിലേക്ക് ഉയരുകയും അതിൽ ആരാധനാകർമ്മങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുകയും അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടാകുകയും അതിനുള്ള ശ്രമം നടത്തുകയും ഉത്സാഹത്തോടെ സൽക്കർമ്മങ്ങളനുഷ്ഠിക്കാൻ കഴിയുകയും അത് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോഴായിരിക്കും നമുക്ക് ലോകത്ത് യഥാർത്ഥമായ വിപ്ലവം ഉണ്ടാക്കാൻ സാധിക്കുന്നത്. ഇക്കാര്യങ്ങൾ ചെയ്യുമ്പോൾ ഏറ്റവും ഉന്നതസ്ഥാനം പ്രാപിച്ച അല്ലാഹുവിന്റെ ആ പ്രിയപ്പെട്ട റസൂലിനെ യഥാർത്ഥത്തിൽ നാം വിശ്വസിക്കുന്നവരായിത്തീരും. ആ മഹാത്മാവിന്റെ നമസ്കാരവും ത്യാഗവും സകലകർമ്മങ്ങളും അല്ലാഹുവിനു വേണ്ടി മാത്രമായിരുന്നു.

അല്ലാഹു, നബി(സ)തിരുമേനിയുടെ ജീവിതമാതൃകയെ പിൻപറ്റാൻ നമ്മളോട് കല്പിച്ചിരിക്കുന്നു. ആ മഹാത്മാവിന്റെ ജീവിതമാതൃകയനുസരിച്ച് ജീവിക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. ഈ നിലവാരം കരസ്ഥമാക്കാനായി നമ്മുടെ ചുവടുകൾ ഉയരുമ്പോൾ അല്ലാഹു അത്തരം വിശ്വാസികൾക്ക് സുവാർത്ത നല്കുന്നു. ഞാനോതിയ വചനത്തിൽ അതാണ് വിവരിച്ചിട്ടുള്ളത്.

وَبَشِّرِ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أَنَّ
لَهُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ

സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരെ സന്തോഷവാർത്ത അറിയിക്കുക. അവർക്ക് താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങളുണ്ട്.

كُلَّمَا رُزِقُوا مِنْهَا مِنْ ثَمَرَةٍ رِزْقًا قَالُوا
هَٰذَا الَّذِي رُزِقْنَا مِنْ قَبْلُ وَأُتُوا بِهِ
مُتَشَابِهًا

അവിടെവച്ച് അവർക്ക് ഫലവർഗ്ഗങ്ങളിൽനിന്ന് വല്ലതും ആഹാരമായി നല്കപ്പെടുമ്പോഴെല്ലാം അത് മുമ്പേ അവർക്ക് നല്കപ്പെട്ടിരുന്നത് തന്നെയാണെന്ന് അവർ പറയും. അന്യോന്യം സദൃശമായ വിധത്തിലാണ് അതവർക്ക് നല്കപ്പെടുക.

وَلَهُمْ فِيهَا أَزْوَاجٌ مُطَهَّرَةٌ وَهُمْ فِيهَا خَالِدُونَ ﴿٢٦﴾

അവിടെ അവർക്ക് പരിശുദ്ധരായ ഇണകളുണ്ടായിരിക്കും; അവരതിൽ നിത്യവാസികളുമായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് വിശദീകരിച്ചുകൊണ്ടു പറയുന്നു: "ആരാണോ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നത് അവർക്ക് സന്തോഷവാർത്ത അറിയിക്കുക, അവർ താഴോരത്തുകൂടി അരുവികളൊഴുകുന്ന തോട്ടങ്ങളുടെ അവകാശികളായിരിക്കും. ഈ വചനത്തിൽ വിശ്വാസത്തെ അല്ലാഹു തോട്ടവുമായി ഉപമിച്ചിരിക്കുന്നു; സൽക്കർമ്മങ്ങളെ നദികളോടും. നദിയും വൃക്ഷവും തമ്മിലുള്ള ബന്ധം തന്നെയാണ് സൽക്കർമ്മത്തിന് വിശ്വാസവുമായിട്ടുള്ളത്. വെള്ളമില്ലാതെ തോട്ടത്തിന് നിലനില്പില്ലാത്തതുപോലെ (വെള്ളം കൂടാതെ വൃക്ഷത്തിന് വളരാനോ, പുഷ്പിക്കാനോ കായ്ക്കാനോ സാധ്യമല്ല. പച്ചയോടുകൂടി അത് നിലനില്ക്കുകയുമില്ല) സൽക്കർമ്മമില്ലാത്ത ഒരു വിശ്വാസവും ഗുണപ്രദവും പ്രായോഗികവുമായിരിക്കുകയില്ല. എന്താണ് സ്വർഗ്ഗം? അത് ഈമാന്റേയും കർമ്മത്തിന്റേയും ശരീരധാരിയായ ദൃശ്യമാണ്. അതും ബാഹ്യമായ വസ്തുവല്ല. മറിച്ച്, മനുഷ്യന്റെ സ്വർഗ്ഗവും അവന്റെ ഉള്ളിൽനിന്ന് പുറത്തുവരുന്നു. ഓർമ്മിക്കുക, ആ

സ്ഥലത്ത് ലഭിക്കുന്ന സൗഖ്യം ലോകത്തുണ്ടാക്കിയെടുക്കപ്പെടുന്ന പരിശുദ്ധമനസ്സായിരിക്കും. പരിശുദ്ധമായ വിശ്വാസം ചെടിപോലെയാണ്. നല്ല നല്ല കർമ്മങ്ങളും ഉൽക്കൃഷ്ടസ്വഭാവങ്ങളും ആ ചെടിക്കുള്ള സേചനത്തിന് നദിയെന്നപോലെയാണ്. അതതിന്റെ പച്ചപ്പിനെ ഉള്ളതുപോലെ നിലനിറുത്തുന്നു; ഈ ലോകത്ത് നാം സ്വപ്നം കാണുന്നതുപോലെയാണത്. എന്നാൽ, ആ ലോകത്ത് നേരിൽ കാണുകയും അതനുഭവിക്കുകയും ചെയ്യും. പറയുന്നു: സ്വർഗ്ഗവാസികൾക്ക് അത് നല്കപ്പെടുമ്പോൾ അവർ പറയും, ***ഹാദല്ലദീ റുസിഖ്നാ മിൻ ഖബ്‌ലു വ ഉത്തൂബിഹി മുത്തശ്ശാബിഹാ*** ഇതിന്റെ അർത്ഥം പാൽ, തേൻ, മുന്തിരി, അനാർ മുതലായ ലോകത്തുള്ള വസ്തുക്കൾ അവിടെ കിട്ടുമെന്നല്ല. ആ വസ്തുക്കൾ അതിന്റെ അവസ്ഥയുടേയും ഇനത്തിന്റേയും അടിസ്ഥാനത്തിൽ തികച്ചും വിഭിന്നമായിരിക്കും. വെറും പേരിലേ സാദൃശ്യമുണ്ടായിരിക്കുകയുള്ളൂ. ഈ എല്ലാ അനുഗ്രങ്ങളുടേയും ചിത്രം ശാരീരികമായ നിലയിൽ കാണിക്കപ്പെടുമെങ്കിലും അതിനോടൊപ്പം പറഞ്ഞിരിക്കുന്നത് ആ വസ്തുക്കൾ ആത്മാവിനെ പ്രകാശിപ്പിക്കുന്നതും ഈശ്വരജ്ഞാനം ഉണ്ടാക്കുന്നതുമാണെന്നാണ്. അതിന്റെ ഉത്ഭവസ്ഥാനം ആത്മാവും ധാർമ്മികതയുമാണ്. ***റുസിഖ്നാ മിൻ ഖബ്‌ലു*** എന്നതുകൊണ്ട് ഭൗതികാനുഗ്രഹങ്ങളാണെന്നു പറയുന്നത് തികച്ചും തെറ്റാണ്. അല്ലാഹു ഈ വചനത്തിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം ഏതൊരു സത്യവിശ്വാസിയാണോ സൽകർമ്മങ്ങൾ ചെയ്തത് അവർ തങ്ങളുടെ കൈകൾ കൊണ്ട് ഒരു സ്വർഗ്ഗമുണ്ടാക്കുകയും അതിന്റെ ഫലം ആ രണ്ടാമത്തെ ജീവിതത്തിൽ അനുഭവിക്കുകയും ചെയ്യുമെന്നാണ്. ആ ഫലം ആത്മീയമായ നിലയിൽ ഭൂമിയിലും അവർ തിന്നുകഴിഞ്ഞിട്ടുണ്ടാകും. അതുകൊണ്ടാണ് ആ ലോകത്ത് അവർ അതിനെ തിരിച്ചറിയുന്നത്. അപ്പോൾ ഇത് ഇഹലോകത്ത് കിട്ടിയ ഫലമാണല്ലോ എന്ന് അവർ പറയും. ഇത് ഭൂമിയിൽ ലഭിച്ച അതേ ആത്മീയാഭിവൃദ്ധിയാണല്ലോ എന്നും അവർ കരുതും. അതുകൊണ്ട് ഈ ഈശ്വരജ്ഞാനികൾ അതിനെ തിരിച്ചറിയും. ഞാൻ വീണ്ടും വ്യക്തമായും പറയാൻ ആഗ്രഹിക്കുന്നു, നരകത്തേയും സ്വർഗ്ഗത്തേയും കുറിച്ച് ഒരു തത്ത്വമുണ്ട്. ഞാൻ പറഞ്ഞതുപോലെയായിരിക്കും അതവിടെയുണ്ടാകുക.

അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ഈ അവസ്ഥ നമുക്ക് പ്രാപിക്കാൻ കഴിയുന്നത്. സത്യവിശ്വാസികൾക്ക് ഈ സുവാർത്ത അടുത്തലോകത്തേക്ക് വേണ്ടിമാത്രമുള്ളതല്ല. മറിച്ച്, സത്യവിശ്വാസിയുടെ ഈമാനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഈ ലോകത്തും സൽക്കർമ്മകാരികൾക്കും അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവർക്കും ഈ ഫലങ്ങളുടെ രുചി നല്കുന്നതാണ്. അതായത്, ആ ഫലങ്ങളെ കാണിച്ചുകൊടുക്കുന്നു. അത് ദുആ സ്വീകാര്യത മുഖേനയുമാകാം. ഒരു സത്യവിശ്വാസിക്ക് ആത്മീയാഭിവൃദ്ധി കാരണത്താൽ അവന്റെ മനസ്സിൽ ശാന്തിയും സമാധാനവും ഉണ്ടാകുന്നു. അതും ആ ഫലങ്ങളിൽപ്പെട്ടതാണ്. ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളും ഈ ലോകത്ത് സത്യവിശ്വാസിക്ക് ലഭിക്കുന്നു. പക്ഷേ, ഈ ഭൗതികമായ അനുഗ്രഹങ്ങളായിരിക്കുകയില്ല അവന്റെ ലക്ഷ്യം.

അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി സത്യവിശ്വാസി കർമ്മങ്ങൾ ചെയ്യുന്ന കാരണത്താൽ അതെല്ലാം അല്ലാഹു അവന് നല്കുന്നു. ഓരോ കർമ്മവും സൽകർമ്മമായിത്തീരുന്നത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അത് ചെയ്യുമ്പോഴാണ്. ഇല്ലെങ്കിൽ അത്തരക്കാരുടെ നമസ്കാരം അവരുടെ മുഖത്തേക്കുതന്നെ വലിച്ചെറിയുമെന്ന് അല്ലാഹു പറയുന്നുണ്ട്. വാസ്തവത്തിൽ നമസ്കരിക്കുക എന്നത് ഒരു സൽക്കർമ്മമാണ്. പക്ഷേ, അത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്യാത്തതുകൊണ്ടും വെറും കാണിക്കാൻവേണ്ടിയായതുകൊണ്ടും സ്വീകരിക്കപ്പെടുന്നില്ല. ഇപ്രകാരംതന്നെ ചിലയാളുകൾ ചിലപ്പോൾ ഒരുപാട് ചെലവഴിക്കാറുണ്ട്. പക്ഷേ, അല്ലാഹുവിൽ വിശ്വാസമില്ലാത്തതിനാലും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അവൻ അത് ചെയ്യാത്തതിനാലും ആ കർമ്മവും ഫലശൂന്യമായിത്തീരുന്നു.

പക്ഷേ, ഒരു യഹൂദി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം മഴക്കാലത്ത് പക്ഷികൾക്ക് ധാന്യം വിതറി കൊടുക്കുകയായിരുന്നു. അയാൾക്ക് അല്ലാഹു പ്രതിഫലം നല്കി. അയാൾക്ക് ഈമാൻ കിട്ടി. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്ന കർമ്മങ്ങൾ വിശ്വാസത്തെ പ്രബലപ്പെടുത്തുന്നു. അവർ ഈ ലോകത്തും പരലോകത്തും ദിവ്യാനുഗ്രഹങ്ങളുടെ അവകാശികളുമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ വൃക്ഷത്തിന്റെ നിലനില്പിന് വെള്ളം ആവശ്യമാണെന്നതുപോലെ ഈമാന്റെ പ്രബലതയ്ക്കും പച്ചപ്പിനും സൽക്കർമ്മം അത്യാവശ്യമാണ്. അല്ലാഹു പറഞ്ഞ എല്ലാ സൽക്കാര്യങ്ങളും അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. അതവന്റെ തൃപ്തി കരസ്ഥമാക്കുന്നവിധം വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടിയായിരിക്കണം. ഈ വിചാരത്തോടെ ഓരോ അഹ്മദിയും തങ്ങളുടെ ആരാധനാകർമ്മങ്ങളും മറ്റു കർമ്മങ്ങളും അനുഷ്ഠിക്കേണ്ടതാണ്. അല്ലാഹു ഈ വിചാരത്തോടെ ജീവിതം നയിക്കാൻ ഓരോ അഹ്മദിക്കും തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ഖുത്ബയിൽ പറഞ്ഞു.

ജുമുഅ നമസ്കാരത്തിനുശേഷം രണ്ട് ജനാസ നമസ്കരിപ്പിക്കുന്നതാണ്. സാഹിബ് സാദി അമത്തുൽ

അസീസ് ബീഗംസാഹിബയുടെ ജനാസയാണ് ഒന്ന്. എന്റെ മാതൃസഹോദരിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ മകളായിരുന്നു. ഹദ്റത്ത് ഉമ്മുന്നാസിർ ആയിരുന്നു മാതാവ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ മരുമകളായിരുന്നു; ഹദ്റത്ത് മിർസാ ഹമീദ് അഹ്മദ് സാഹിബിന്റെ ഭാര്യ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തന്റെ കുട്ടികളുടെ ആമീൻ നടക്കുന്ന അവസരത്തിലെഴുതിയ പദ്യത്തിൽ- ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസി(റ)ൽ തുടങ്ങി ഇതുവരെയുള്ള കുട്ടികളുടെ- ആമീൻ നടക്കുന്ന അവസരത്തിലെഴുതിയ പദ്യത്തിൽ സാഹിബ് സാദി അമത്തുൽ അസീസ് ബീഗമിന്റെ കുട്ടിക്കാലത്തെക്കുറിച്ച്, അസീസാ ഏറ്റവും ചെറിയവൾ, സൽപ്രകൃതക്കാരി എന്നെഴുതിയിട്ടുണ്ട്. അവർ വലിയ ക്ഷമാശീലയായിരുന്നു. തവക്കുലിന്റെ ഉന്നതസ്ഥാനത്തായിരുന്നു. സാത്ത്വികയും സൗമ്യയും പ്രാർത്ഥനാശീലയുമായിരുന്നു. വളരെ ശ്രദ്ധയോടും ജാഗ്രതയോടുംകൂടി ദീർഘമായി നമസ്കരിക്കുമായിരുന്നു. മഗ്‌രിബ് മുതൽ ഇശാവരേയും ഇശായ്ക്കുശേഷം തുടർന്നും മണിക്കൂറുകളോളം നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇത് നിത്യശീലമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരുപാട് ദുആ ചെയ്യാറുണ്ടായിരുന്നു. ദരിദ്രരെ സംരക്ഷിക്കുമായിരുന്നു. ഖിലാഫത്തുമായിട്ട് സുദൃഢബന്ധമുണ്ടായിരുന്നു. എനിക്ക് കത്തുകളെഴുതാറുണ്ടായിരുന്നു. 1967 മുതൽ 1983 വരെ ലാഹോറിലാണ് താമസിച്ചിരുന്നത്. അക്കാലത്ത് ലജ്ന ഇമായില്ലായുടെ സദ്ർ ആയി പ്രവർത്തിച്ചു. ലാഹോറിലെ ലജ്ന ഇമായില്ലാ അംഗങ്ങൾക്കുവേണ്ടി വലിയ സേവനം ചെയ്യുകയുണ്ടായി. ബയ്അത്തിന്റെ ദിനങ്ങളിൽ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അണിയാറുണ്ടായിരുന്ന പച്ചക്കോട്ട്- അതിപ്പോൾ ഞാനും ആഗോള ബയ്അത്തിന്റെ അവസരത്തിൽ അണിയാറുണ്ട്- സാഹിബ് സാദി സാഹിബയുടെ ഭർത്താവ്, സാഹിബ് സാദാ മിർസാ ഹമീദ് അഹ്മദ് സാഹിബിന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിൽനിന്ന് ഓഹരിയായി ലഭിച്ചതാണ്. അദ്ദേഹം ഈ കോട്ട് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഹിജ്റത്ത് ചെയ്ത് ഇവിടെ വന്നപ്പോൾ ആ മഹാത്മാവിന് നല്കി. അത് അണിയുമ്പോഴൊക്കെ തനിക്കുവേണ്ടി ദുആ ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തു. സാഹിബ് സാദാ മിർസാ ഹമീദ് അഹ്മദ് സാഹിബ് വഫാത്തായത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലത്താണ്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വഫാത്തായതിനുശേഷം ഈ കോട്ട് നിങ്ങൾ അമാനത്തായി നല്കിയതാണെന്ന് ഞാൻ അവരെ ഓർമ്മിപ്പിച്ചു. അവർ തന്റെ മക്കളുമായി ആലോചിച്ച്, 'ആഗോള ബയ്അത്തിന്റെ ഒരു ചിഹനമായിത്തീർന്നിട്ടുള്ള ഈ കോട്ട്' ഖിലാഫത്തിന് സമർപ്പിക്കുന്നുവെന്ന് പറഞ്ഞ് എഴുതിത്തന്നു. ജമാഅത്തംഗങ്ങൾ അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ തബറുക് (അനുഗ്രഹസൂചകമായ വസ്തു) വളരെ ത്യാഗം ചെയ്ത്- ചെറിയ കഷണം തുണിപോലും ആരും കൊടുക്കാറില്ല- ജമാഅത്തിന് തന്നിരിക്കുകയാണ്. മൂന്ന് പെൺമക്കളാണ് സാഹിബ് സാദി സാഹിബയ്ക്കുള്ളത്. ഒന്ന് ലാഹോറിലെ മുസ്തഫാ ഖാൻ സാഹിബിന്റെ ഭാര്യ. അദ്ദേഹം നവാബ് അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെ മകനാണ്. രണ്ട്, റബ്‌വയിലെ ഡോക്ടർ മിർസാ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുർറഖീബ്. മൂന്ന് കൗസർ ഹമീദ്. അല്ലാഹു സാഹിബ് സാദി സാഹിബയുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കൾക്കും ഇവർ ചെയ്ത നന്മകൾ നിലനിറുത്തുവാൻ ഭാഗ്യം നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ നഈമ സഈദ് സാഹിബയുടേതാണ്. ജമാഅത്തിന്റെ മുറബ്ബിയായ മലക്ക് സഈദ് അഹ്മദ് സാഹിബ് റശീദിന്റെ ഭാര്യയാണ്. ഇവരുടെ മാതാമഹനും പിതാമഹനും പ്രപിതാവുമെല്ലാം സഹാബിമാരായിരുന്നു. മുൻശി അബ്ദുർറഹ്മാൻ സാഹിബ് കപൂർത്തലവിയുടെ പ്രപൗത്രിയും അബ്ദുസ്സമീഅ് സാഹിബിന്റെ പൗത്രിയുമായിരുന്നു.

വഖ്ഫെ സിന്ദഗിയുടെ ഭാര്യയായ കാരണത്താൽ ലജ്ന ഇമായില്ലായിലും ഇവർ ഒരുപാട് പ്രവർത്തിച്ചിട്ടുണ്ട്. ലജ്നയുടെ ഹോമിയോ ക്ലിനിക്ക് വളരെ നല്ല നിലയിൽ നടത്തിയിരുന്നു. സ്വയം രോഗിയായിട്ടും തന്റേടത്തോടെ രോഗികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. 49 വയസ്സായിരുന്നു. കുട്ടികളുമുണ്ട്. അല്ലാഹു കുട്ടികൾക്ക് ക്ഷമ നല്കുമാറാകട്ടെ. അവരുടെ കുട്ടികൾക്കുവേണ്ടി അവർ ചെയ്തിട്ടുള്ള എല്ലാ പ്രാർത്ഥനകളും സ്വീകരിക്കുമാറാകട്ടെ. അവരുടെ തഖ്‌വയിലും അഭിവൃദ്ധി നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 10.8.2007 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala